(സി) ഏതെങ്കിലും ജനകീയ കമ്മിറ്റികളുമായി ആലോചിച്ചിട്ടാണോ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ;

(ഡി) ആണെങ്കിൽ അത്തരത്തിൽ എത്ര ജനകീയ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) വിവിധയിനം നടീൽ വസ്തുക്കൾ, വളം, കീടനാശിനി, സസ്യസംരക്ഷണ ഉപകരണങ്ങൾ, മണ്ണുസംരക്ഷണമുൾപ്പെടെയുള്ള ഭൂവികസനം, ജലസേചന സൗകര്യം, കാർഷിക ഉപകരണങ്ങൾ, ആധുനിക കൃഷിരീതികളിൽ പരിശീലനം, കാർഷിക സേവനകേന്ദ്രങ്ങൾ തുടങ്ങിയ സഹായങ്ങൾ നൽകിവരുന്നു.

(ബി) കൃഷിവകുപ്പിന്റെ ഈ സഹായങ്ങൾ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റി അംഗീകരിക്കുന്ന വിവിധ പദ്ധതികളനുസരിച്ച് പ്രാദേശികതലത്തിലുള്ള കാർഷിക വികസന യൂണിറ്റിൽ കൂടിയാണ് പ്രധാനമായും നൽകിവരുന്നത്.

(സി) പട്ടികജാതിക്കാരുടെ കോളനികളെ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന ഈ പരിപാടികളിൽ ആ കോളനികളിലുള്ള എല്ലാ പട്ടികജാതിക്കാരെയും ഉൾപ്പെടുത്താറുണ്ട്. അവരെ തിരഞ്ഞെടുക്കുന്നതിന് പ്രത്യേക ജനകീയ കമ്മിറ്റികളൊന്നുമില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഉപഭോക്താക്കളെ ബോധവൽക്കരിക്കാനുള്ള പരിപാടി

* 278 [418] ശ്രീ. നാലകത്ത് സൂപ്പി :
,, കൊരമ്പയിൽ അഹമ്മദ്ഹാജി :
,, കെ. പി. എ. മജീദ് :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, ഇ. ടി. മുഹമ്മദ്ബഷീർ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉപഭോക്താക്കളെ ബോധവൽക്കരിക്കാനുള്ള വല്ലെങ്കിലും പരിപാടി ഭക്ഷ്യവകുപ്പോ, സിവിൽസപ്ലൈസ് കോർപ്പറേഷനോ നടത്തുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഇത്തരം ഒരു പരിപാടി നടപ്പാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കാമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. സു. എ. ബീരാൻ) :

(എ) ഉണ്ട് ; സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഈ രംഗത്ത് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) സ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ വിവിധതലങ്ങളിൽ ഉപഭോക്തൃ സംരക്ഷണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ശക്തമായ ഒരു ഉപഭോക്തൃ പ്രസ്ഥാനത്തിന് രൂപം നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly

സിവിൽസപ്ലൈസ് കോർപ്പറേഷൻ ശ്രമിച്ചുവരുന്നു. അതിനുപുറമേ സിവിൽസപ്ലൈസ് കോർപ്പറേഷൻ സ്വന്തം നിലയിൽ കേരള കൺസ്യൂമർ ഫെഡറേഷൻസ് സൊസൈറ്റി എന്നൊരു സംഘടന ശ്രീമതി ലീലാദാമോദരമേനോൻ അദ്ധ്യക്ഷയായി, രൂപീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളെ എല്ലാവിധത്തിലുള്ള ചൂഷണങ്ങൾക്കുമെതിരെ ബോധവൽക്കരിക്കുക എന്നുള്ളതാണ് ലക്ഷ്യം. ഈ ലക്ഷ്യം മുൻനിറുത്തി സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഉപഭോക്തൃ താൽപ്പര്യ സംരക്ഷണത്തിനായി കേന്ദ്രഗവണ്മെന്റ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ഉപഭോക്തൃ സംരക്ഷണത്തിനാവശ്യമായ നിയമം പാർലമെന്റിൽ അവതരിപ്പിക്കുവാൻ കേന്ദ്രതലത്തിൽ ആവശ്യമായ നീക്കങ്ങൾ നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനതലത്തിൽ പ്രത്യേക നിയമനിർമ്മാണം നടത്തുന്നകാര്യം ഇക്കാര്യത്തിലുള്ള കേന്ദ്രനിയമം നിലവിൽവരുന്ന മുറയ്ക്ക് ആരംഭിക്കുന്നതായിരിക്കും ഉചിതമെന്ന് കരുതുന്ന സംസ്ഥാന ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ജലവൈദ്യുത പദ്ധതികളുടെ ക്രമക്കേടുകളെപ്പറ്റി അന്വേഷണം

*279 [419] ശ്രീ. വി. വി. ജോസഫ് :
,, ഇ. ജെ. ലൂക്കോസ് :
,, കോട്ടക്കുഴി സുകുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ ഏത്ര ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണത്തിലെ ക്രമക്കേടുകളെപ്പറ്റി സർക്കാർ അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ട് ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഇടമലയാർ പദ്ധതിയുടെ പവ്വർ ടണലിൽ ഉണ്ടായ ചോർച്ചയേയും, അതിനിടയാക്കിയ കാരണങ്ങളെയും പറ്റി അന്വേഷിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ മി. ജസ്റ്റിസ് സുകുമാരനെ 1985 ഡിസംബർ 21-ാം തീയതിയിലെ സർക്കാർ നോട്ടിഫിക്കേഷൻ പ്രകാരം ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

കേരളത്തിലെ റയിൽവേ വികസനത്തിന് നീക്കിവച്ചിട്ടുള്ള സംഖ്യ

*280 [420] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, പി. വി. മുഹമ്മദ് :
,, നാലകത്ത് സൂപ്പി :
,, പി. കെ. കെ. ബാവ :
,, സി. ടി. അഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87-ലേക്കുള്ള കേന്ദ്ര റയിൽവേ ബഡ്ജറിൽ കേരളത്തിലെ റെയിൽവേ വികസനത്തിന് നീക്കിവച്ചിട്ടുള്ള സംഖ്യ എത്രയാണെന്നു പറയാമോ :

LIBRARY ARCHIVES Kerala Legislative Assembly